21

# ക്രൂശിന്റെ അഭ്യർത്ഥന

**1 കൊരിന്ത്യർ 1:18; ഗലാത്യർ 6:14**

*"'... ഞാനോ, ഭൂമിയിൽ നിന്നുയർത്തപ്പെട്ടാൽ, എല്ലാവരേയും എങ്കലേക്കു ആകർഷിക്കും'" (യോഹന്നാൻ 12:32).*

എന്തുകൊണ്ടു ക്രൂശ് അത്രമാത്രം നമ്മെ ആകർഷിക്കുന്നു?

അതു നമ്മുടെ മനസ്സിലാക്കൽ അഭ്യർത്ഥിക്കുന്നു. ചരിത്രത്തിലെ ഒരു സംഭവത്തിൽ നിന്നാണ് ക്രിസ്ത്യാനിത്വം വരുന്നത്. അതു ഒരാശയത്തിലേക്കോ, തത്വത്തിലേക്കോ, പ്രസ്താവനയിലേക്കോ ചുരുക്കാവുന്നതല്ല. അത് ഒരു വ്യക്തിയാണ് (യേശുക്രിസ്തു). അതു ദൈവം പറഞ്ഞതു മാത്രമല്ല, ദൈവം ചെയ്തതുകൂടെയാണ്.

ലോക നിലവാരത്തിൽ ക്രിസ്തുവിന്റെ ജീവിതം പരാജയമായിരുന്നു. റോമും യെരുശലേമും അതിനാൽ മാറാതിരുന്നു. യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ, ഭക്തരായ 120 ശിഷ്യന്മാരെ യെരുശലേമിൽ വിട്ടിട്ടാണ് പോയത് (പ്രവൃത്തികൾ 1:11–15). അവർ അറിയപ്പെടാത്തവരും, പണമില്ലാത്തവരും, രാഷ്ട്രീയ അധികാരം ഇല്ലാത്തവരും ആയിരുന്നു (പ്രവൃത്തികൾ 4:13). എങ്ങനെയായാലും, പത്രൊസും ശേഷം അപ്പൊസ്തലന്മാരും പെന്തെക്കൊസ്തു നാളിൽ പ്രസംഗിച്ചപ്പോൾ, മൂവായിരത്തോളം പേർ സ്നാനം ഏറ്റു. യേശു നമുക്കുവേണ്ടി മരിച്ച താണ് എല്ലാ കാലത്തിലെയും വലിയ സംഭവം എന്ന് അതിനെ ചിന്തിക്കുന്ന ആരും സമ്മതിക്കും. നമ്മെ സൃഷ്ടിച്ച ദൈവം തന്റെ പുത്രൻ എന്ന വ്യക്തിയിൽ നമ്മിൽ ഒരാളെ പോലെ ആയി. അവൻ നമ്മോടൊപ്പം നടന്നു നമ്മുടെ പാപങ്ങളെ വഹിച്ചു ക്രൂശിലേക്കുപോയി! അത്ഭുതാവഹമായ കൃപ!

ഭൂമിയിൽ ക്രിസ്തുവിന്റെ ക്രൂശിന്റെ ശക്തി പോലെ മറ്റൊന്നിനും ശക്തിയില്ല. ക്രൂശില്ലാതെയാണ് ക്രിസ്തുവിനു നല്കുവാൻ സംസ്കാരം ശ്രമിക്കുന്നത്. മാനവികത ക്രിസ്തുവില്ലാത്ത ക്രൂശാണ് നല്കുന്നത്. ഒന്നു യാഗമില്ലാത്ത മതം; മറ്റൊന്നു മതമില്ലാത്ത യാഗം. രണ്ടും പരാജയം!

*നമ്മുടെ വികാരങ്ങളുടെ ആഴത്തിലേക്കു ക്രൂശ് അഭ്യർത്ഥിക്കുന്നു.* നമ്മുടെ ധാർമ്മിക രോഷം ഉണർത്തുന്നതാണ് യേശുവിന്റെ ക്രൂശിലെ മരണം; അതു നമ്മുടെ ആരാധനാപാത്രം ജ്വലിപ്പിക്കും. അതിന്റെ അർത്ഥം നമ്മുടെ ഹൃദയത്തെ ഭേദിക്കുന്നതാണ്. യേശു പറഞ്ഞു, "ഞാനോ,

ഭൂമിയിൽ നിന്നും ഉയർത്തപ്പെട്ടാൽ, സകല മനുഷ്യരേയും എങ്കലേക്കു ആകർഷിക്കും" (യോഹന്നാൻ 12:32). ക്രൂശിന്റെ കാന്തം ആളുകളെ ദൈവത്തിലേക്കു ആകർഷിക്കുന്നു. അതിനോടു നിങ്ങൾ അടുക്കുന്തോറും, അതിന്റെ ശക്തി കൂടുതലായി കാണാം. നിങ്ങൾ വിറെക്കും; നിങ്ങൾ കരയും; നിങ്ങൾ ആനന്ദിക്കും! അത്യുൽസാഹത്തോടുകൂടി മാത്രമേ ക്രൂശിനെ കുറിച്ചു ചിന്തിക്കുവാനും അതിനെ സ്വീകരിക്കുവാനും കഴിയൂ. രക്ഷ എന്നതു ഒരു വ്യാപാര കൈമാറ്റം അല്ല. മറ്റൊരാളുമായി താരതമ്യം ചെയ്യുവാനുള്ള കഴിവു, സഹതാപം, കോപം, സന്തോഷം എന്നിവ നിങ്ങളിൽ ഉളവാക്കും! ഓരോ ദിവസവും അതിൽ നിന്നു പുതിയതും, വ്യത്യസ്തവുമായ എരിവു പുറപ്പെട്ടുകൊണ്ടിരിക്കും.

*ക്രൂശ് മാനുഷികമായ അന്തസ്സിലേക്കു അഭ്യർത്ഥിക്കുന്നു.* സർവ്വ - ശക്തിയുള്ള ദൈവത്തിനു ഭീഷണിപ്പെടുത്തി അനുസരിപ്പിക്കുവാൻ കഴിയുമായിരുന്നു; അതിനുപകരം, അവൻ ക്ഷണിക്കുകയാണ്. ദൈവം കടും കൈ പ്രവർത്തിക്കുന്നില്ല. യേശു ഓടിക്കുകയല്ല - ആളുകളെ - ദൈവത്തിലേക്കു ആകർഷിക്കുകയാണ് (യോഹന്നാൻ 6:44-47). ക്രൂശ് ആളുകളെ തള്ളുകയോ, ഭീഷണിപ്പെടുത്തുകയോ, അവരിൽ കൗശലം പ്രയോഗിക്കയോ ഇല്ല. യേശുവിന്റെ ഈ ലോക ജീവിതവും മരണവും "ദൈവഭക്തിയുടെ മർമ്മം" ആയിട്ടാണ് പൗലൊസ് പറഞ്ഞത് (1 തിമൊഥെയൊസ് 3:16). ഒരു "ഐതിഹ്യത്തിനും" ആളുകളെ മാറ്റുവാൻ കഴിയുകയില്ല. യേശു ആളുകളെ മാറ്റുന്നു. അവന്റെ സ്നേഹം ആളുകളെ മാറ്റുന്നു. നാം അവനോടുകൂടെ നിത്യമായി വസിക്കുന്നതിനു അവൻ നമുക്കു പകരം തന്റെ ജീവൻ നല്കുവോളം നമ്മെ സ്നേഹിച്ചു - പക്ഷെ തീരുമാനിക്കുവാൻ അവൻ നമ്മെ അനുവദിക്കുന്നു.

*നമ്മുടെ ധാർമ്മിക കടപ്പാടു ഉണർത്തുവാൻ ക്രൂശ് അഭ്യർത്ഥിക്കുന്നു.* ലോകത്തിൽ നിന്നു "കുറഞ്ഞ" തിലേക്ക് ദൈവത്തിന്റെ "കൂട്ടി" ച്ചേർക്കലിന്റെ ചിഹ്നമാണ് ക്രൂശ്. അതിന്റെ അരികിൽ വന്നു രണ്ടിനും മദ്ധ്യേ നില്ക്കുവാൻ ആർക്കും കഴിയുകയില്ല. ഗൂഢാലോചകനായിരുന്ന കയ്യഫാ, ഭീരുവായിരുന്ന പിലാത്തൊസ്, ഹൃദയ ശൂന്യനായിരുന്ന ഹെരോദാവു എന്നിവരെയെല്ലാം ചരിത്രം വിധിച്ചു കഴിഞ്ഞു. ആരാണ് ജയിച്ചത്? യേശു ക്രിസ്തു! നാം അവന്റെ വിജയത്തിൽ പങ്കു ചേരുവാനും മറ്റുള്ളവരെ നമ്മോടൊപ്പം അത് പങ്കിടുവാനുമാണ് വിളിക്കുന്നത്. ക്രൂശിനു അവസാനമില്ല. അതു മറ്റുള്ളവർക്കു കൊടുക്കേണ്ടതാണ്; കൊടുക്കുവാൻ വിലയുള്ളതു അതു മാത്രമാണ്. അതിനോടു സുദീർഘമായി നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല! പാപികൾക്ക് ക്രൂശിൽ അല്ലാതെ മറ്റൊന്നിലും പ്രശംസിക്കുവാൻ കഴിയുമെന്നതു ചിന്തിക്കുവാൻ പോലും അസാധ്യം.

പറഞ്ഞിട്ടുള്ളതിൽ വെച്ചേറ്റവും വലിയ സംഭവമാണ് ക്രൂശിന്റെ സംഭവം. അതിനു സത്യമുള്ളതും, ആഴമുള്ളതും, നിർമ്മലവുമായതായ അഭ്യർത്ഥനയാണുള്ളത്!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today